| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
# MIDDLE SECTION
# ANNUAL EXAMINATION 2018-19

## MALAYALAM

Code: MYML02

CLASS: VII

Time Allotted: 2 ½ Hrs.

07.03.2019

Max .Marks: 80

**General Instructions :**

1. **All** questions are **compulsory.**
2. **All answers should be written in the answer sheet provided.**

| Qns | | Marks |
|---|---|---|
| 1. | **അർഥം എഴുതുക** | ½ x 5=2½ |

1. ആലയം
2. ചേറ്
3. മധ്യം
4. സൂനം
5. അറുതി

| 2. | **പര്യായം എഴുതുക** | 1 x 5= 5 |
|---|---|---|

1. യാത്ര
2. ഭൂമി
3. മനസ്സ്
4. മലർവാടി
5. ചെരുപ്പ്

| 3. | **വിപരീതം എഴുതുക** | ½ x 5=2½ |
|---|---|---|

1. ഉപകാരം
2. അക്കരെ
3. ഓർത്തു
4. അക്ഷയം
5. ലാഭം

| 4. | **ഒറ്റപ്പദം എഴുതുക** | 1 x 5= 5 |
|---|---|---|

1. വിധിപോലെ
2. വൃദ്ധൻെറ അവസ്ഥ
3. നിഷേധമായ അർഥം
4. അജങ്ങളെ പാലിക്കുന്നവർ
5. മധുരമുള്ള പലഹാരങ്ങൾ

5. **അർഥവ്യത്യാസം എഴുതുക** 1x 3= 3

1. അന്തിമ
   അന്തിക
2. ശുണ്ഠി
   ശണ്ഠ
3. മേനി
   മുനി

6. **എതിർലിംഗമെഴുതുക** ½ x 5=2½

1. സ്വാമി
2. മുത്തശ്ശി
3. പരവശൻ
4. വേലക്കാരൻ
5. കിഴവൻ

7. **ശരിയായപദം തെരഞ്ഞെടുത്തെഴുതുക** ½ x 5=2½

1. ഷബ്ദം, ശബ്ദം, ശബ്ധം
2. സുവിശേഷം, സുവിഷേശം, സുവിസേഷം
3. വിക്രതി, വിക്രിതി, വികൃതി
4. കൗതുകം, കൗധുകം, കൗദുകം
5. മന്തം, മന്ദം, മന്ധം

8. **നാനാർഥം എഴുതുക** 1x 5=5

1. ജാതി
2. വഴി
3. വർഷം
4. സ്നേഹം
5. ചിത്രം

9. **വിഗ്രഹിച്ചെഴുതുക** 1x 5=5

1. ഇടിമുഴക്കം
2. ഭ്രാന്താലയം
3. കഥയില്ലായ്മ
4. പൂങ്കുയിൽവൃന്ദം
5. മരുന്നുകുപ്പി

10. **പിരിച്ചെഴുതുക** 1x 5=5

1. ഉത്തരീയമായി
2. കഥകളൊക്കെ
3. വലിച്ചെടുത്തു
4. ശിരസ്സുയർത്തി
5. ദിനന്തോറും

11. **വാക്യത്തിൽ പ്രയോഗിക്കുക** 1½ x 2= 3

1. കളഞ്ഞുകുളിക്കുക
2. മുഖം കറുക്കുക

12. **പ്രയോഗം മാറ്റുക** 1x 2=2

1. ഗാന്ധിജി അധ്യാപകരെ ബഹുമാനിച്ചു.
2. കൊച്ചുമോൻ മുത്തശ്ശിയെ ഉറുപ്പടക്കം പിടിച്ചു.

13. **പകരംപദം എഴുതുക** ½ x 2= 1

1. കണ്ണു കാണാത്തവൻ
2. ചെവി കേൾക്കാൻ കഴിയാത്തവൻ

14. **ചേരുംപടി ചേർക്കുക** ½ x 5=2½

| | | |
|---|---|---|
| 1. ചേറിൻെറ ഗന്ധം | - | അരയന്നം |
| 2. വിശ്വദീപം | - | മിസ്റ്റർ ഗയിൽസ് |
| 3. മഹാപിശുക്കൻ | - | ഉണ്ണിയേശു |
| 4. വിദ്യാഭ്യാസ ഇൻസ്പെക്ടർ | - | കൃഷിക്കാരൻ |
| 5. വെളുത്ത മേനി | - | സഹയാത്രികർ |
| | - | അബു കാസിം |

15. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** 1x 5= 5

1. 'കാണുമ്പോൾ തന്നെ ബഹുമാനിക്കാൻ തോന്നുന്ന ഒരാൾ അന്ന് തീവണ്ടിയിൽ യാത്ര ചെയ്യുകയായിരുന്നു.' ആരെയാണ് 'ഒരാൾ' എന്ന് ലേഖകൻ ഉദ്ദേശിച്ചത്?
2. എത്ര കണ്ടാലും പിന്നെയും പിന്നെയും കാണണമെന്ന് ഗാന്ധിജിക്ക് തോന്നിയ നാടകം ഏതായിരുന്നു?
3. 'അങ്ങോട്ട് സ്നേഹിച്ചാൽ കുന്നു പോലും ഇങ്ങോട്ടു സ്നേഹിക്കും. പിന്നെ മനുഷ്യരുടെ കാര്യം പറയണോ?'– ആരുടെ വാക്കുകളാണിത്?
4. 'എൻെറ സത്യാന്വേഷണ പരീക്ഷണങ്ങൾ'– ആരുടെ ആത്മകഥയാണ്?
5. ദിവസവും ആഹാരം കൊടുത്ത് കാകനെ വളർത്തിയതാര്?

16. **പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക** 5x 1=5

കിഴവനാണെങ്കിലു............................................
..........................................................
..........................................................
...........................................കാത്തിരിക്കും. (10 വരി)

17. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** ½ x 5=2½

1. ഗുരുദേവൻെറ സന്ദേശം അദ്ദേഹത്തെ അടുത്തു കാണാനും സംസാരിക്കാനും ആരെയാണ് പ്രേരിപ്പിച്ചത്?
(മദർതെരേസയെ, സ്വാമിവിവേകാനന്ദനെ, മഹാത്മാഗാന്ധിയെ)

2. ''തിന്നും കുടിച്ചും കളിച്ചുമിബ്ഭൂമിയിൽ
എന്നെന്നും കൂത്തടിക്കുന്നു നമ്മൾ'' – ആരുടെ വാക്കുകളാണിത്?
(വൃദ്ധൻെറ, പെണ്ണുങ്ങളുടെ, മക്കളുടെ)

3. "വൈകാതെ ചെന്നവർ നിന്നു" - ആട്ടിടയർ ചെന്നു നിന്നത് ഏതിൻെറ മുമ്പിലായിരുന്നു.
(ചിത്രശാല, ഗോശാല, പാഠശാല )

4. കച്ചവടത്തിൽ ലാഭം ഉണ്ടായപ്പോൾ കാസിം എന്താണ് ചെയ്തത്?
(കുളി ആസ്വദിച്ചു, ഉപഹാരങ്ങൾ നൽകി, സദ്യ നടത്തി)

5. പൂക്കളെ ചുംബിച്ചുണർത്തി, പുതുവാർത്തകളോതിയതാരാണ്?
(പൂങ്കുയിൽ, അജപാലകർ, സമീരൻ)

18. **ഉത്തരം എഴുതുക** 2x 6=12

1. വൃദ്ധൻ ചൊടിച്ചിരിക്കുന്നതെപ്പോഴാണ്?
2. നല്ല മനുഷ്യൻെറ ലക്ഷണമെന്ത്?
3. ''ഇതെത്ര വട്ടം പറഞ്ഞതാ മുത്തശ്ശീ''– 'ഇത്' എന്ന് കുട്ടി ഉദ്ദേശിച്ചതെന്ത്?
4. ആട്ടിടയന്മാർക്ക് ജന്മസാഫല്യമുണ്ടായതെപ്പോൾ?
5. "എൻെറ ദിനചര്യ ഇതായിരുന്നു"–എന്തായിരുന്നു ഗാന്ധിജിയുടെ ദിനചര്യ?
6. "ഏറ്റവും അസഹ്യമായിരുന്നത് അയാളുടെ ചെരുപ്പാണ്"– കാസിമിൻെറ ചെരുപ്പുകൾ അസഹ്യമായിരുന്നുവെന്ന് പറയാൻ കാരണമെന്ത്?

19. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 1x5=5

സ്ഥലം ബോംബെ തുറമുഖം. വമ്പിച്ച ഒരു ജനാവലി അവിടെ കൂടിയിട്ടുണ്ട്. കപ്പലിൽ വരുന്ന ഏതോ വിശിഷ്ട വ്യക്തിയെ സ്വീകരിക്കാനാണ് അവർ എത്തിയിരിക്കുന്നത്. ധാരാളം ബ്രിട്ടീഷ് പൊലിസുകാരും മുൻ നിരയിൽ ഉണ്ട്. ഇംഗ്ലണ്ടിൽ നിന്നുവന്ന ഒരു കപ്പൽ കരയ്ക്കടുത്തു. യാത്രക്കാർ കപ്പലിൽ നിന്ന് ഇറങ്ങാൻ തുടങ്ങി. കരയ്ക്കു നിന്ന ജനങ്ങൾ ആരെയോ പ്രതീക്ഷിച്ചുകൊണ്ടു കപ്പൽത്തട്ടിലേയ്ക്ക് ഉറ്റുനോക്കിക്കൊണ്ടിരുന്നു. ഒരു യുവാവു കൈകൂപ്പിക്കൊണ്ട് ഇറങ്ങി വന്നു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൻെറ അവിസ്മരണീയ നേതാവ് സുഭാഷ് ചന്ദ്രബോസ് ആയിരുന്നു അത്. ആവേശഭരിതരായ ജനങ്ങൾ ആർത്തു വിളിച്ചു.

"സുഭാഷ് ചന്ദ്രബോസ് കീ ജെയ്"

പെട്ടെന്നു പൊലിസ് അദ്ദേഹത്തെ വളഞ്ഞു. പൊലിസു വലയത്തിനുള്ളിൽ നിന്നുകൊണ്ട് അദ്ദേഹം കൈ ഉയർത്തി വിളിച്ചു പറഞ്ഞു.

"മാതൃഭൂമിയുടെ പതാക താഴ്ത്താതെ നോക്കുവിൻ."
ജനക്കൂട്ടം വീണ്ടും അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു.

"ഭാരത മാതാ കീ ജെയ്
സുഭാഷ് ബോസ് കീ ജെയ്"

ഇന്ത്യയിൽ എത്തിയാലുടനെതന്നെ സുഭാഷിനെ കാരാഗൃഹത്തിൽ അടയ്ക്കുമെന്നായിരുന്നു ബ്രിട്ടീഷ് സർക്കാറിന്റെ ഭീഷണി. അതു വകവയ്ക്കാതെ എത്തിയതായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യ സമരം നടക്കുന്ന കാലം ആയിരുന്നു അത്. ഈ സമരത്തെ അടിച്ചമർത്താൻ ബ്രിട്ടീഷുകാർ പൊലിസിനെയും പട്ടാളത്തെയും ഉപയോഗിച്ചു, അവർ ജനങ്ങളെ തല്ലിച്ചതച്ചു. അനേകം ആളുകളെ വെടിവച്ചു വീഴ്ത്തി. ഈ സംഭവങ്ങൾ സുഭാഷിനെ വല്ലാതെ വേദനിപ്പിച്ചു. 'ആയുധം ഉള്ളവരെ ആയുധം കൊണ്ടുതന്നെ നേരിടണം' അദ്ദേഹം തീരുമാനിച്ചു. ഈ ഉദ്ദേശ്യത്തോടു കൂടി ഭാരതീയരുടെ ഒരു സേന നേരത്തെ തന്നെ സിംഗപ്പൂരിൽ രൂപം കൊണ്ടിരുന്നു. 'ഇന്ത്യൻ നാഷണൽ ആർമി' എന്നായിരുന്നു അതിന്റെ പേര്. സുഭാഷ് ചന്ദ്രബോസ് സിംഗപ്പൂരിൽ ചെന്ന് അതിന്റെ നേതൃത്വം ഏറ്റെടുത്തു. ഇതോടെ അനുയായികൾ അദ്ദേഹത്തെ 'നേതാജി' എന്നു വിളിച്ചു തുടങ്ങി.

1. കപ്പലിൽ വരുന്ന വിശിഷ്ട വ്യക്തിയെ സ്വീകരിക്കാനായി വമ്പിച്ച ജനാവലി എവിടെയാണ് കൂടിയിട്ടുള്ളത്?
2. കപ്പലിൽ നിന്ന് കൈകൂപ്പിക്കൊണ്ട് ഇറങ്ങി വന്ന യുവാവ് ആരായിരുന്നു?
3. ബ്രിട്ടീഷ് സർക്കാറിന്റെ ഭീഷണി എന്തായിരുന്നു?
4. 'ആയുധം ഉള്ളവരെ ആയുധം കൊണ്ടുതന്നെ നേരിടണം' എന്ന ഉദ്ദേശ്യത്തോടുകൂടി സിംഗപ്പൂരിൽ രൂപം കൊണ്ട ഭാരതീയസേന ഏത്?
5. മുകളിൽ കൊടുത്തിരിക്കുന്ന ഖണ്ഡികയ്ക്ക് ഉചിതമായ ഒരു തലക്കെട്ട് നൽകുക

20. **ആശയം വിപുലീകരിച്ചെഴുതുക** 4 x 1= 4

"വിദ്യാധനം സർവധനാൽ പ്രധാനം"

അല്ലെങ്കിൽ

"ചൊട്ടയിലെ ശീലം ചുടല വരെ"

.........................